


GOVERNMENT OF
KERALA

# Ksmart

KERALA
SOLUTIONS FOR MANAGING
ADMINISTRATIVE REFORMATION
AND TRANSFORMATION

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2023 നവംബർ 1 മുതൽ വിന്യസിക്കപ്പെടുന്ന അതി നൂതന ക്ലൗഡ് അധിഷ്ഠിത ഇ.ആർ.പി. സോഫ്റ്റ്‌വെയർ & മൊബൈൽ ആപ്പ് ആണ് കെ-സ്മാർട്ട്. (K-SMART; Kerala Solution for Managing Administrative Reformation and Transformation.) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഉപയോഗിച്ച് വരുന്ന വിവിധ മോഡ്യൂളുകൾ ഇന്റഗ്രേറ്റ് ചെയ്ത് പൊതുവായ ഒരു പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുക എന്നതാണ്
കെ-സ്മാർട്ട് ലക്ഷ്യമിടുന്നത്. ഇതിലൂടെ പൊതുജനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കയറി ഇറങ്ങി അപേക്ഷകൾ നൽകാതെ തന്നെ ആവശ്യമായ സേവനങ്ങൾ അത് തന്റെ സ്മാർട്ട് ഫോണിൽ ലഭ്യമാകുന്നു. ആദ്യ ഘട്ടത്തിൽ വിന്യസിക്കപ്പെടുന്നത് താഴെ പറയുന്ന പൌരാധിഷ്ഠിത സേവനങ്ങളാണ്. ഓരോ സേവനങ്ങൾക്കും പ്രധാനമായും എടുത്ത് പറയാവുന്ന ഫീച്ചറുകൾ താഴെ രേഖപ്പെടുത്തിയിട്ടുണ്ട്. അയവ കൂടി പരിശോധിച്ച് ആശയങ്ങൾ തയ്യാറാക്കാവുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട് ആവശ്യമായവ ചുവടെ നൽകിയിരിക്കുന്നു.

| SL No | Details | Max Time /video | Count |
|---|---|---|---|
| 1 | Promo videos highlighting various services | 90 sec | 12 |
| 2 | 2D Motion Graphics | 90 sec | 05 |
| 3 | Shorts/Reels | | 20 |
| 4 | Bytes of Celebrities, Ministers, Politicians etc | 30 sec | 15 |
| 5 | Technology Videos | 45 sec | 03 |
| 6 | Backstory videos of Ksmart | 5 min | 01 |
| 7 | Logo reveal | 10 sec | 01 |
| 8 | VR/AR aided video for the inauguration day | 5 min | 01 |
| 9 | Media Coordinator | | 01 |

| SL No | Module Name | Sub Module | Details | Highlighting feature |
|---|---|---|---|---|
| 1. | സിവിൽ രജിസ്ട്രേഷൻ | • ജനനം | ➢ പുതിയ രജിസ്ട്രേഷൻ<br>➢ നിർജീവ ജനന രജിസ്ട്രേഷൻ<br>➢ രാജ്യത്തിന് പുറത്ത് നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ<br>➢ പേര് ചേർക്കൽ<br>➢ നിലവിലെ രജിസ്ട്രേഷൻ വിവരങ്ങളിലെ തിരുത്തലുകൾ. | 5 മിനിറ്റിൽ ഉള്ളിൽ അപേക്ഷ സമർപ്പിക്കാവുന്നതും, 30 സെക്കന്റിൽ സർട്ടിഫിക്കറ്റ് ഫോണിൽ ലഭിക്കുന്നതുമാണ്. |
| | | • വിവാഹം | ➢ പുതിയ രജിസ്ട്രേഷൻ<br>➢ നിലവിലെ രജിസ്ട്രേഷൻ വിവരങ്ങളിലെ തിരുത്തലുകൾ. | 5 മിനിറ്റിൽ ഉള്ളിൽ അപേക്ഷ സമർപ്പിക്കാവുന്നതും, 30 സെക്കന്റിൽ സർട്ടിഫിക്കറ്റ് ഫോണിൽ ലഭിക്കുന്നതുമാണ്. |
| | | • മരണം | ➢ പുതിയ രജിസ്ട്രേഷൻ<br>➢ നിലവിലെ രജിസ്ട്രേഷൻ വിവരങ്ങളിലെ തിരുത്തലുകൾ. | 5 മിനിറ്റിൽ ഉള്ളിൽ അപേക്ഷ സമർപ്പിക്കാവുന്നതും, 30 സെക്കന്റിൽ സർട്ടിഫിക്കറ്റ് ഫോണിൽ ലഭിക്കുന്നതുമാണ്. |
| | | • വിവിധ സർട്ടിഫിക്കറ്റുകൾ | ➢ ജനനം/മരണം/വിവാഹം സർട്ടിഫിക്കറ്റുകൾ<br>➢ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റുകൾ (NAC) | |
| 2. | കെട്ടിട നികുതി | ▪ പുതിയ കെട്ടിടങ്ങളുടെ നികുതി നിർണയം<br>▪ നിലവിലെ കെട്ടിടങ്ങളുടെ നികുതി പുനർനിർണയം<br>▪ കെട്ടിടങ്ങളുടെ തരം മാറ്റൽ<br>▪ നികുതി ഇളവുകൾ<br>▪ കെട്ടിടങ്ങളുടെ പരിപൂർണ വിവരശേഖരണം<br>▪ ഉടമസ്ഥാവകാശ മാറ്റങ്ങൾ<br>▪ വിവിധ റിപ്പോർട്ടുകളും സർട്ടിഫിക്കറ്റുകളും<br>▪ ഓൺലൈൻ പേമെൻറ് | | ഒരു അപേക്ഷകന്റെ എല്ലാ അപേക്ഷകളും സംബന്ധിച്ച അലർട്ടുകൾ / നോട്ടിഫിക്കേഷൻ/ സംശയ നിവാരണം എന്നിവ നൽകുന്നതിന് സ്മാർട്ടി എന്ന പേരിൽ എ.ഐ. ഫീച്ചർ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കെട്ടിട സംബന്ധമായ 7 സർട്ടിഫിക്കറ്റുകൾ (Building Age, Year of construction, Building area, Tax details, Tax remittance, Tax exemption, No-tax due, Roof type) ഒറ്റ സർട്ടിഫിക്കറ്റ് ആയി സിസ്റ്റം ഓട്ടോ ജനറേറ്റ് ചെയ്ത് നൽകുന്നതാണ്.<br><br>കെട്ടിട നികുതി കുടിശിക ഓൺലൈനിൽ പരിശോധിക്കുന്നതിനും ഒടുക്കുന്നതിനുമുള്ള സൗകര്യം.<br><br>ഒരു പൌരൻ തന്റെ ഉടമസ്ഥതയിലുള്ള എല്ലാ തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങളിൽ ഉള്ള എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധിക്കുന്നതിനും അയവ മാനേജ് ചെയ്യുന്നതിനുമുള്ള ഒറ്റ ക്ലിക്ക് മെനു.<br><br>കെട്ടിടങ്ങളുടെ നിർമ്മാണ അനുമതി, നികുതി നിർണയം, ഒക്കുപൻസി, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആയി തന്നെ പൌരന് ഉപയോഗപ്പെടുത്താവുന്നതാണ്. |
| 3. | കെട്ടിട നിർമ്മാണം | ❖ വിവിധ ലൈസൻസികളുടെ രജിസ്ട്രേഷൻ<br>❖ പെർമിറ്റിനുള്ള അപേക്ഷ സ്വീകരിക്കലും, അനുമതി നൽകലും.<br>❖ ജി.ഐ.എസ്. അധിഷ്ഠിത മേഖല പരിശോധനകൾ<br>❖ വിവിധ സർട്ടിഫിക്കറ്റുൾ | കെട്ടിട നിർമ്മാണ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്ലോട്ടിന് നിയന്ത്രണം നൽകുന്ന ഐർപ്പോർട്ട് ഫ്രീ സോൺ, മാസ്റ്റർ പ്ലാൻ, സെക്യൂരിറ്റി സോൺ, കോസ്റ്റൽ സോൺ എന്നിവ ഉൾപ്പെടുന്നതായതോ നിയമപരമായ തടസങ്ങൾ ഉള്ളതാണോ എന്നതിന്റെ വിവരങ്ങൾ അപേക്ഷകനും ലൈസൻസിക്കും മുൻകൂട്ടി അറിയുവാൻ സാധിക്കും.<br><br>ജി.ഐ.എസ്. കോർഡിനെറ്റുകളുടെ സഹായത്തോടെ ഒരു പൌരൻ വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൽ നിർമ്മാണങ്ങൾക്ക് അനുവധനീയമാണോ എന്നത് മുൻകൂട്ടി അറിയുവാൻ സാധിക്കും.<br><br>കെട്ടിടനിർമ്മാണ അനുമതികൾ അവ ഫീൽഡ് പരിശോധനകൾ കൂടാതെ നിബന്ധനകൾക്ക് വിധേയമായി ജി.ഐ.എസ്. സാങ്കേതിക വിദ്യയിലൂടെ നൽകുവാൻ സാധിക്കും.<br><br>ലൊ റിസ്ക് കാറ്റഗറിയിൽ ഉൽപ്പെടുന്ന കെട്ടിടങ്ങൾക്കുള്ള അനുമതി ഓഫീസിൽ പോകാതെ |

| | | | |
|---|---|---|---|
| | | | തന്നെ മിനിട്ടുകൾക്കുള്ളിൽ ഫോണിൽ ലഭ്യമാകുന്നു. |
| 4. | വാണിജ്യ അനുമതികൾ | • പുതിയ ലൈസൻസുകൾ<br>• ലൈസൻസുകൾ പുതുക്കുന്നതിനായി<br>• നിലവിൽ ഉള്ളതിന്റെ തിരുത്തലുകൾക്ക്<br>• വിവിധ സർട്ടിഫിക്കറ്റുകൾ<br>• ഓൺലൈൻ പേമെൻറ് | വ്യാപാരവും വ്യവസായവും തുടങ്ങുന്നതിനുള്ള അനുമതി 5 പ്രവർത്തി ദിവസങ്ങൾക്ക് ഉള്ളിലും നിലവിൽ ഉള്ളത് ഓൺലൈനിൽ ഫീസ് അടയ്ക്കുന്ന മുറക്ക് അപ്പോൾ തന്നെ പുതുക്കുന്നതിനുള്ളതും മൊബൈലിലൂടെ സാധ്യമാകുന്നു. |
| 5. | മനുഷ്യ വിഭവ ക്രമീകരണം (HR Management System) | ▪ പുതിയ ജീവനക്കാരുടെ വിവരശേഖരണം<br>▪ ജോലി നിർണയം<br>▪ സീറ്റ് ക്രമീകരണം | ജീവക്കാരുടെ സേവന വേതന വ്യവസ്ഥകൾ, ക്രെഡിറ്റ് കാർഡുകൾ, സ്ഥലമാറ്റം എന്നിവ പൂർണമായും ഓൺലൈനിൽ ആയിരിക്കും. |
| 6. | ഫിനാൻസ് മോഡ്യൂൾ | ▪ ഫ്രണ്ട് / ബാക്ക് ഓഫീസ് പണമിടപാടുകൾ<br>▪ ബട്ജറ്റ് തയ്യാറാക്കൽ<br>▪ ഓൺലൈൻ പേമെൻറ്<br>▪ MIS റിപ്പോർട്ട്<br>▪ സ്റ്റേറ്റ് ലെവൽ ഡാഷ്ബോർഡ് | എല്ലാ പണമിടപാടുകളും മാനുഷിക ഇടപ്പെടലുകൾ ഇല്ലാതെ ഓടോമാട്ടിക്ക് ബാങ്ക് റികൺസിലേഷൻ ഓൺലൈൻ ആയി നടക്കുന്നു.<br><br>ഇന്ത്യയിൽ ആദ്യമായി ഡബിൾ എൻട്രി സംവിധാനത്തോടുള്ള ബട്ജറ്റ് തയ്യാറാക്കൽ. കൃത്യമായ സാമ്പത്തിക വിഭാവനം ബട്ജറ്റിനു അനുസൃതമായി നടക്കുന്നുണ്ട് എന്ന് മോണിറ്റർ ചെയ്യുന്നതിന് സാധിക്കുന്നു.<br><br>ഒരു ഗുണഭോക്താവിനു താൻ ഉൾപ്പെട്ട ലോക്കൽ ബോഡി/വാർഡ്/വ്യക്തിഗത തലത്തിലുള്ള വിവിധ MIS റിപ്പോർട്ടുകൾ ഫോണിലൂടെ ലഭിക്കുന്നു. |
| 7. | ഫയൽ മാനേജ്മന്റ് സിസ്റ്റം | ▪ കൌണ്ടർ മോഡ്യൂളുകൾ<br>▪ വിവിധ ടൂളുകൾ | എല്ലാ ഫയിൽ നീക്കങ്ങളും കടലാസ്സ് രഹിത ഡാറ്റാ സെന്ററിക്ക് |

<table>
<tr><td></td><td></td><td></td><td>സംവിധാനത്തിലേക്ക് മാറുന്നു.<br><br>ഒരു ഫയലിന്റെ തസ്ഥിതി അറിയുന്നതിനും അതിലെ പോരായ്മകൾ തിരുത്തുന്നതിനും ഓൺലൈൻ ആയി സാധിക്കുന്നു.<br><br>സേവന അവകാശസമയ പരിധിക്കുള്ളിൽ സേവനങ്ങൾ അപേക്ഷകന്റെ മൊബൈലിൽ ലഭിക്കുന്നു</td></tr>
<tr><td>8.</td><td>പൊതുജന പരാതി പരിഹാര മോഡ്യൂൾ</td><td colspan="2">തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നൽകേണ്ട എല്ലാ തരത്തിൽ ഉള്ള പരാതികളും കെ-സ്മാർട്ട് വരുന്നതോടെ ഒരു സ്മാർട്ട് ഫോണിൽ നിന്നും നൽകുവാൻ സാധിക്കും.</td></tr>
<tr><td>9.</td><td>മൊബൈൽ ആപ്പ്</td><td colspan="2">മേൽ പറഞ്ഞ എല്ലാ സേവനങ്ങളും വെബ്പോർട്ടൽ നോടൊപ്പം IOS & Android സ്മാർട്ട് ഫോണുകളിൽ പ്രവർത്തന സജ്ജമായ മൊബൈൽ ആപ്പ് ആയിം ലഭ്യമാകും.</td></tr>
</table>

# മീഡിയ കോർഡിനേറ്റർ

- കെ-സ്മാർട്ട് പ്രചരണാർത്ഥം പ്രൊമോ വിഡിയോകൾ തയ്യാറാക്കുന്നതോടൊപ്പം ഇവ വിവിധ മാധ്യമങ്ങളിലൂടെ പ്രച്ചരിപ്പിക്കേണ്ടതായ ആവശ്യകതയുമുണ്ട്. ഓൺലൈൻ പ്രോമോഷൻസ് & Paid കാമ്പൈയിൻ, ഓഫ്-ലൈൻ പ്രചരണങ്ങൾ എന്നിവയാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഇതിനായി കരാറിൽ ഏർപ്പെടുന്ന വ്യക്തികളോ/ സ്ഥാപനങ്ങളോ ആയും ഐ.കെ.എം. മുമായും നിരന്തരം സംവദിക്കുന്നതാണ് മീഡിയ കോർഡിനേറ്ററുടെ പ്രധാന ചുമതല.
- നിർമ്മിച്ച പ്രൊമോ വിഡിയോകൾ ആവശ്യാനുസരണം പ്രദർശിപ്പിക്കേണ്ട സ്ഥലങ്ങളായ റെയിൽവേ / ബസ്/ മെട്രോ സ്റ്റേഷൻ, സിനിമ തിയേറ്റർ, പ്രമുഖ മാളുകൾ, എക്സിബിഷൻ സ്റ്റാളുകൾ, പ്രധാനപ്പെട്ട ദൃശ്യ മാധ്യമ ചാനലുകൾ, പ്രധാന ജംഗ്ഷനുകളിലെ എൽ.ഇ.ഡി.വാളുകൾ എന്നിവയിലൊക്കെ പ്രദർശിപ്പിക്കാനുള്ള പ്രവർത്തികൾ, എഫ്.എം റേഡിയോ, പ്രധാന ജംഗ്ഷനുകളിലെ കൂറ്റൻ പരസ്യ ബോർഡുകൾ എന്നിവയിലൊക്കെ പരസ്യ ചിത്രങ്ങൾ സ്ഥാപ്പിക്കുക , എന്നിവ യൊക്കെയാണ് പ്രധാനമായും ഉള്ള ഓഫ്-ലൈൻ പ്രചരണങ്ങൾ. ഇവ ചെയ്യുന്നതിനായി കരാറിൽ ഏർപ്പെടുന്നവരുമായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും ചുമതലയുടെ ഭാഗമാണ്.
- പ്രമുഖ വ്യക്തികളുമായി ചേർന്ന് നടത്തുന്ന ഇന്റർവ്യൂകൾ, ബൈറ്റുകൾ ആവശ്യാനുസരണം റെക്കോർഡ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ എകോപ്പിപ്പിക്കുക.
- അച്ചടി, ഡിജിറ്റൽ പ്രക്ഷേപണം, സോഷ്യൽ മീഡിയ എന്നിവയുൾപ്പെടെ വിവിധ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ പ്രചരണം ആവശ്യമുള്ള പ്രേക്ഷകരിലേക്ക് എത്തുന്നതിനുള്ള തന്ത്രം രൂപപ്പെടുത്തുന്ന ഒരു മീഡിയ പ്ലാൻ വികസിപ്പിക്കുക.
- പ്രചാരണ ഷെഡ്യൂൾ അനുസരിച്ച് കൃത്യസമയത്ത് പരസ്യങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക.
- മീഡിയ ബജറ്റ് നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക, ചെലവുകൾ ട്രാക്കുചെയ്യുക, കാമ്പെയ്‌നുകൾ ബജറ്റ് പരിമിതികൾക്കുള്ളിൽ തുടരുന്നുവെന്ന് ഉറപ്പാക്കുക.
- ആവശ്യമായ പരസ്യ സാമഗ്രികൾ (ഗ്രാഫിക്സ്, വീഡിയോകൾ, പകർപ്പ് ) ഷെഡ്യൂൾ ചെയ്ത സമയത്ത് മാധ്യമ ഔട്ട്ലെറ്റുകളിൽ എത്തിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ ക്രിയേറ്റീവ് ടീമുകളുമായി സഹകരിക്കുക.
- വേണ്ട രീതിയിലുള്ള മാധ്യമ കവറേജ് സൃഷ്ടിക്കുന്നതിന് ആവശ്യാനുസരണം സ്ഥാപനത്തിന്റെ അനുമതിയോടെ പത്രക്കുറിപ്പുകൾ പ്രസിദ്ധീകരിക്കുക.
- പരസ്യ നിയന്ത്രണങ്ങളും പകർപ്പവകാശ നിയമങ്ങളും ഉൾപ്പെടെ നിയമപരവും ധാർമ്മികവുമായ മാനദണ്ഡങ്ങൾ എല്ലാ മീഡിയ കാമ്പെയ്‌നുകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.
- മീഡിയ കോർഡിനേറ്ററുടെ കാലാവധി കെ-സ്മാർട്ട് വിന്യസിക്കുന്നത് വരെ മാത്രമായിരിക്കും.

## Form A1

Name

Institution/Agency Name

| Sl.No | Details | Rate/Number |
|---|---|---|
| **1.** | **Total number of Service videos that can be created.** | |
| 1.1 | Rate per video (Max. 90 Sec per video) which includes concept submission, scripting, shooting, editing, dubbing, colour correction & final out submission in 4k resolution. | |
| 1.2 | Whether prominent celebrities included as per quoted rate. | Yes/No |
| **2.** | **Total number of 2D Motion videos that can be created.** | |
| 2.1 | Rate per second which includes concept submission, scripting, character creation, dubbing, editing & final out submission in 4k resolution. | |
| **3.** | **Total number of Shorts/Reels that can be created.** | |
| 3.1 | Rate per Shorts/Reels which are created from the service videos already created. | |
| **4**. | Rate per Shorts/Reels which includes Interview bytes of prominent celebrities/Ministers/Officials/Elected Representatives etc., scripting, shooting, editing, dubbing, colour correction & final out submission in 4k resolution. | |
| 5. | **Total No of Technology videos (Motion Graphics, Product Demos) that can be created.** | |
| 5.1 | Rate per video which includes scripting, editing & final out submission in 4k resolution. | |
| 6. | Rate for creation of Backstory videos of Ksmart which includes various stages, events, workshops etc. | |
| 7. | Rate of Logo reveal video | |
| 8. | Rate of VR/AR aided video for the inauguration day. | |
| 9. | Rate of manpower engaged to act as the media coordinator for the event only. | |

## നിബന്ധനകൾ:

1. അപേക്ഷയോടൊപ്പം അവരവർ ചെയ്ത മുൻകാല പ്രവർത്തികൾ അടങ്ങിയ വിശദമായ പ്രൊഫൈൽ/ പോർട്ട് ഫോളിയോ കൂടി സമർപ്പിക്കണം.
2. ഇതിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഫോം A1 (ഫിനാൻഷ്യൽ ബിഡ് ), ആശയം & പ്രൊഫൈൽ എന്നിവ പ്രത്യേകം 2 കവറിലാക്കി വേണം സമർപ്പിക്കുവാൻ.
3. **പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 06-10-2023 രാവിലെ 10.00 മണി.**
4. **06-10-2023 ന് രാവിലെ 11.00 മണിക്ക് അപേക്ഷകൾ ജഡ്ജിംഗ് പാനൽ മുൻപാകെ അപേക്ഷകൾ തുറക്കുന്നതാണ്.**
5. ആശയം പരിശോധിച്ചതിനു ശേഷം മാത്രമായിരിക്കും ഫിനാൻഷ്യൽ ബിഡ് തുറക്കുന്നത്.
6. ആശയത്തിനായിരിക്കും പ്രഥമ പരിഗണന നൽകുന്നത്.
7. ആശയങ്ങളിലെ വ്യതസ്തതയും ജനസ്വീകാര്യതയും മുന്നിൽ കണ്ട് അയവ കണക്കിലെടുത്ത്, ജഡ്ജിംഗ് പാനലിന്റെ മാർക്ക്/ഗ്രേഡ് അടിസ്ഥാനത്തിൽ ആയിരക്കും വിധി നിർണയം അന്തിമാമാക്കുന്നതാണ്.
8. തിരഞ്ഞെടുക്കുന്നവർ വർക്ക് ഓർഡർ നൽകി **20** ദിവസത്തിനുള്ളിൽ എല്ലാ ഔട്ട്പുട്ടും സമർപ്പിക്കേണ്ടതാണ്.
9. ജഡ്ജിംഗ് പാനലിന്റെ വിധി നിർണയം അന്തിമമായിരിക്കും.
10. മീഡിയ കോർഡിനേറ്റർ സ്ഥാനത്തേക്ക് അപേക്ഷ നൽകുന്നവർ ഇതിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് പ്രവർത്തികൾക്കും ടെന്റെർ സമർപ്പിക്കാവുന്നതാണ്.

## ഡിജിറ്റൽ മാർക്കറ്റിംഗ് – ഓൺലൈൻ പ്രൊമോഷൻ

ഉത്ഘടനവും, കെ-സ്മാർട്ടിന്റെ സവിശേഷതകളുമായി ബന്ധപ്പെട്ട ആകർഷകങ്ങളായ പോസ്റ്ററുകൾ / ഫ്ളൈയറുകൾ /2D കാർട്ടൂൺ ഷോർട്ട് വീഡിയോകൾ/ റീലുകൾ - ഡിസൈൻ ചെയ്ത ഐകെഎമ്മിന്റെ വിവിധ സാമൂഹ്യമാധ്യമ പ്ലാറ്റ്ഫോമിലൂടെയും മറ്റും, പേയിഡ് കാംപയിനായും അല്ലാതെയും പരമാവധി കേരളത്തിലെ പൊതുജനങ്ങളിലേക്ക് എത്തിച്ചു നൽകണം. എല്ലാ ദിവസങ്ങളിലും ഈ പ്രവർത്തി നടത്തുകയും, കൃത്യമായ ഇൻസൈറ്റ് വിവരങ്ങൾ ബന്ധപ്പെട്ട ഐ.കെ.എം. അധികാരികളെ ദൈനംദിനം അറിയിക്കുകയും ചെയ്യണം.

## ഓഫ് ലൈൻ പ്രൊമോഷൻ

കെ-സ്മാർട്ടിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട വിവിധ പ്രചരണ പ്രവർത്തനങ്ങളായ പത്രങ്ങൾ, മാസികകൾ, ബ്രോഷറുകൾ, ഫ്ലയറുകൾ, പരസ്യബോർഡുകൾ, പോസ്റ്ററുകൾ എന്നിവയിലെ പരസ്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

സിറ്റിയുടെ 5 കി.മി ചുറ്റളവിൽ ഹോർഡിംഗ്, പോസ്റ്റർ പോലുള്ള പരസ്യങ്ങൾ സ്ഥാപിക്കണം. FM Radio, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, സിനിമാ തിയറ്റർ, പ്രമുഖ മാളുകൾ, ദൃശ്യമാധ്യമ ചാനലുകൾ, പ്രധാന ജംഗ്ഷനുകൾ, ജില്ലയിലെ എല്ലാ നഗരസഭകൾ, പ്രധാന ഡയറക്ടറേറ്റുകൾ- തുടങ്ങിയവയിൽ എല്ലാം കെ-സ്മാർട്ടിന്റെ പരസ്യം വോയിസ്/ചിത്രങ്ങൾ/വീഡിയോകൾ ആയും കൊടുക്കേണ്ടതാണ്.

ഉദ്ഘാടന ദിവസം വേദിയിലേക്ക് വരുന്ന വഴി മുഴുവനും കെ-സ്മാർട്ടിന്റെ ബോർഡുകൾ വെച്ചുള്ള അലങ്കാര പണികൾ നടത്തേണ്ടതാണ്.

## ഉത്ഘാടന ദിവസത്തെ ഇവെന്റ് മാനേജ്മന്റ്

ഉദ്ഘാടന ദിവസം ചടങ്ങുകൾ നടക്കുന്ന ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ നടത്തേണ്ടതാണ്. എൽഇഡി വാൾ കാർപെറ്റ്, ഹോർഡിങ്ങുകൾ, വാൾ ഡ്രോപ്സ്, ഫ്ലവർ ഡെക്കറേഷൻസ്, ഗസ്റ്റുകൾക്കുള്ള ഫ്ളവർ ബൊക്കെ, ഗസ്റ്റ് ചെയർ, റോൾ അപ്പ് സ്റ്റാൻഡി, ലൈറ്റിംഗ് സിസ്റ്റം, സൗണ്ട് സിസ്റ്റം തുടങ്ങി ഡയസിന് ആവശ്യമായ എല്ലാ ഒരുക്കങ്ങളും, ഒപ്പം പുറത്ത് ഇരിക്കുന്നവർക്ക് പ്രോഗ്രാം കാണുന്നതിനായിട്ട് എൽ.ഇ.ഡി വാളോ, ടിവിയോ സജീകരിക്കേണ്ടതാണ്. ഹാളിന് പുറത്തും ആവശ്യമായ എല്ലാവിധ ഒരുക്കങ്ങളും നടത്തേണ്ടതാണ്.